# പ്രതിനിധിസഭാതിരഞ്ഞെടുപ്പ് മാർച്ച് 9-ന്

എൻ.എസ്.എസ്. പ്രതിനിധിസഭയിലേക്കുള്ള ഈ വർഷത്തെ തിരഞ്ഞെടുപ്പ് 2025 മാർച്ച് മാസം 9-ാം തീയതി അതത് താലൂക്ക് എൻ.എസ്.എസ്. യൂണിയൻ ആഫീസുകളിൽ വച്ചു നടത്തുന്നതാണെന്ന് എൻ.എസ്.എസ്. ഇലക്ഷൻ കമ്മീഷൻ അഡ്വ. പി.ജി. പരമേശ്വരപ്പണിക്കർ അറിയിച്ചു. ആയത് സംബന്ധിച്ച നടപടിക്രമങ്ങൾ അടങ്ങിയ അറിയിപ്പ് എല്ലാ വോട്ടർമാർക്കും അയച്ചിട്ടുണ്ട്. പ്രഥമ വോട്ടർ പട്ടിക ജനുവരി 27-ാം തീയതി എൻ.എസ്.എസ്. യൂണിയൻ ആഫീസുകളിൽ പ്രസിദ്ധീകരിച്ചു.

## തിരഞ്ഞെടുപ്പ് സംബന്ധിച്ച പരിപാടി

| | | |
|---|---|---|
| 1. | തെരഞ്ഞെടുപ്പിനുള്ള പ്രഥമ വോട്ടേഴ്സ് ലിസ്റ്റ് (ഇലക്ടറൽ റോൾ) പ്രസിദ്ധീകരിക്കുന്ന തീയതി. | : 27-1-2025 |
| 2. | പ്രസ്തുത ലിസ്റ്റിൻമേലുള്ള പരാതി സ്വീകരിക്കുന്ന അവസാന തീയതിയും സമയവും | : 5-2-2025- 5 p.m. വരെ |
| 3. | പരാതിയിന്മേലുള്ള തീരുമാനം എടുക്കുന്ന അവസാന തീയതി | : 7-2-2025 |
| 4. | തിരഞ്ഞെടുപ്പ് വിജ്ഞാപനവും ഫൈനൽ വോട്ടേഴ്സ് ലിസ്റ്റും പ്രസിദ്ധപ്പെടുത്തുന്ന തീയതി. | : 12-2-2025 |
| 5. | നാമനിർദ്ദേശപത്രിക സമർപ്പിക്കേണ്ട തീയതിയും സമയവും. | : 23-2-2025 - 10 a.m. മുതൽ 1 p.m. വരെ |
| 6. | ലഭിച്ചിട്ടുള്ള നാമനിർദ്ദേശപത്രികകളുടെ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുന്ന തീയതിയും സമയവും. | : 23-2-2025 - 1.15 p.m. |
| 7. | നാമനിർദ്ദേശപത്രികകളുടെ സൂക്ഷ്മ പരിശോധന. സൂക്ഷ്മപരിശോധനയ്ക്കുശേഷം സ്വീകരിച്ച നാമനിർദ്ദേശപത്രിക പ്രകാരമുള്ള സ്ഥാനാർത്ഥികളുടെ ലിസ്റ്റ് 23-2-2025-ൽ പ്രസിദ്ധീകരിക്കുന്നതാണ്. | : 23-2-2025 - 1.30 p.m. |
| 8. | നാമനിർദ്ദേശപത്രിക പിൻവലിക്കാനുള്ള അവസാന തീയതിയും സമയവും. | : 27-2-2025 - 1.00 p.m. വരെ |
| 9. | നാമനിർദ്ദേശപത്രിക പിൻവലിച്ചതിനു ശേഷമുള്ള സ്ഥാനാർത്ഥികളുടെ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുന്ന തീയതിയും സമയവും. | : 27-2-2025 - 1.30 p.m. |
| 10. | തിരഞ്ഞെടുപ്പിൽ മത്സരം ഉണ്ടാകുന്ന പക്ഷം നടത്തുന്ന തീയതിയും സമയവും. | : 9-3-2025 10 a.m. മുതൽ 1 p.m. വരെ |
| 11. | വോട്ടിംഗ് കഴിഞ്ഞാലുടൻതന്നെ വോട്ടെണ്ണൽ ആരംഭിക്കുന്നതും എണ്ണിത്തീരുന്ന മുറയ്ക്ക് ഫലപ്രഖ്യാപനം നടത്തുന്നതുമാണ്. | |